**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5771** **08-07-2024 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിൽ പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ റേഷൻ കാർഡിനും പുതിയ അംഗത്തെ കാർഡിൽ ഉൾപ്പെടുത്തുന്നതിനും ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | (എ) | ഓൺലൈൻ മുഖേന താലൂക്ക് സപ്ലൈ ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. |
| (ബി) | കാസർകോട് ജില്ലയിൽ കഴിഞ്ഞ ഒരു വർഷം ഇത്തരത്തിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര അപേക്ഷകളിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ; | (ബി) | വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | അപേക്ഷകൾ തീരുമാനമാകാതെ ബാക്കിയുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (സി) | ഖണ്ഡിക (ബി)യുടെ മറുപടി കണ്ടാലും |
| (ഡി) | തീരുമാനമായ അപേക്ഷകൾ, അവ ലഭിച്ച് എത്ര ദിവസത്തിനുള്ളിലാണ് തീർപ്പാക്കിയതെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | ഖണ്ഡിക (ബി)യുടെ മറുപടി കണ്ടാലും |
| (ഇ) | പുതിയ അംഗത്തെ ഉൾപ്പെടുത്തുന്നതിനും പുതിയ റേഷൻ കാർഡിനുമുള്ള അപേക്ഷകളിൽ അപേക്ഷിച്ച ദിവസം തന്നെ തീരുമാനമാകണമെന്ന് സേവനാവകാശ നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇതനുസരിച്ച് അപേക്ഷകളിൽ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) | ഉണ്ട്. അപേക്ഷയോടൊപ്പം മതിയായ രേഖകൾ ലഭ്യമാക്കുന്ന പക്ഷം പുതിയ റേഷൻകാർഡിന് അപേക്ഷ ലഭിച്ച് 48 മണിക്കൂറിനകവും പുതിയ അംഗത്തെ കാർഡിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളിൽ അന്നേ ദിവസവും തീരുമാനമെടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

<table>
<tr><th>താലൂക്ക്</th><th>പുതിയ റേഷൻ കാർഡിനും പുതിയ അംഗത്തെ കാർഡിൽ ഉൾപ്പെടുത്തുന്നതിനും ലഭിച്ച അപേക്ഷകൾ</th><th>തീരുമാനമെടുത്തവ.</th><th>തീർപ്പാക്കാനെടുത്ത കാലയളവ്</th><th>തീരുമാനമാകാതെ ശേഷിക്കുന്നവ</th><th>തീരുമാനമാകാത്തതിനുള്ള കാരണം</th></tr>
<tr><td>ഹോസ്ദുർഗ്</td><td>8010</td><td>7974</td><td rowspan="4">മതിയായ രേഖകൾ ഉള്ളത് അതാത് ദിവസങ്ങളിലും അല്ലാത്തവ രേഖകൾ ലഭിക്കുന്ന മുറയ്ക്കും തീർപ്പാക്കിവരുന്നു. സാങ്കേതിക കാരണങ്ങളാൽ ചില ദിവസങ്ങളിൽ വൈകാറുണ്ട്.</td><td>36</td><td rowspan="3">മതിയായ രേഖകൾ ഇല്ലാത്തതിനാൽ തീരുമാനമെടുക്കാൻ ശേഷിക്കുന്നു.</td></tr>
<tr><td>കാസർഗോഡ്</td><td>8788</td><td>8761</td><td>27</td></tr>
<tr><td>വെള്ളരിക്കുണ്ട്</td><td>3875</td><td>3568</td><td>307</td></tr>
<tr><td>മഞ്ചേശ്വരം</td><td>5607</td><td>5607</td><td>0</td><td>-</td></tr>
</table>

**സെക്ഷൻ ഓഫീസർ**